"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - പാലക്കാട് ബി.ഇ.എം ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.ഷെൻസി കെ.പോൾ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.13166/2021 ലെ 26.07.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2334/2022/GEDN തീയതി,തിരുവനന്തപുരം, 08-04-2022

---

പരാമർശം:-

1. ശ്രീമതി·ഷെൻസി കെ·പോളിന്റെ 08.04.2021 ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി8)
2. ശ്രീമതി.ഷെൻസി കെ.പോൾ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.13166/2021 ലെ 26.07.2021 ലെ വിധിന്യായം
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07.01.2022 ലെ ബി6/3260/2021 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ബി.ഇ.എം ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.ഷെൻസി കെ.പോൾ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.13166/2021 ലെ 26.07.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ് പി8 റിവിഷൻ ഹർജി, ഹർജിക്കാരിയേയും മാനേജരേയും 4 മുതൽ 6 വരെ എതിർ കക്ഷികളേയും ഉചിത മാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 11.1.2022-ന് കേട്ടു. ഹർജിക്കാരിയുടെ എക്സിബിറ്റ് പി.8 ലെ വാദം ചുവടെ ചേർക്കുന്നു.

" The petitioner is highly aggrieved by the denial of appointment as HSA (SS) after she became qualified for promotion with effect from 01/06/2014.

The petitioner has continuous approved service as UPSA with effect from 30/06/1999 under the 2nd respondent Corporate Educational Agency. She secured B.Ed degree from IGNOU during 2014 and a request was submitted to the 2nd respondent to promote her in any one of the vacancies arising in the subject of Social Science.

Since the 2nd respondent overlooked the claim of the petitioner and promoted juniors to the petitioner, she obtained the details under the RTI Act, whereby 4 teachers were promoted who commenced service after the petitioner joined the school in 1999.

The 1st respondent was approached by the petitioner to attest the certificate of pass in B.Ed from IGNOU so as to enter the additional qualification in the service book. The 2nd respondent declined to attest the certificate in the absence of a geninuance certificate from the University. The petitioner was constrained to approach the Hon'ble High Court and the Hon'ble High Court in WP(C) No. 18952/2014 directed the Headmaster to enter the qualification in the service book and any representation submitted by the petitioner before the 2nd respondent for promotion in the vacancies arose on or after 01/06/2014 ordered to be taken up and to pass orders within a period of two months.

The petitioner was promoted as HSA (SS) with effect from 15/07/2017. However as per the direction in judgment, the petitioner submitted a representation and in tune with the direction the petitioner is entitled for appointment in the first vacancy that arose after 01/06/2014.

The petitioner had already submitted representation dated 09/06/2017 and 30/06/2017. However no action was taken by the 2nd respondent. The petitioner again submitted a representation to the 2nd respondent dated 15/01/2018 and 06/01/2021.

Now the 2nd respondent issued a reply to the petitioner informing that the judgment of the Hon'ble High Court has been complied by appointing the petitioner from 12/06/2017 onwards. The 2nd respondent also stated that the Headmaster has the duty to enter the additional qualification and the same was submitted by the Headmaster only on 12/06/2017 and promotion was given from that date. The juniors were promoted since their qualifications were already entered in the service book.

Annexure A6 communication by the 2nd respondent is in total violation of judgment and

as per the direction the 2nd respondent was bound to consider the representation submitted by the petitioner for promotion as HSA (SS) with effect from 01/06/2014. The petitioner after receiving the certificate copy of the judgment submitted a representation submitted by the petitioner dated 09/06/2017.

The 2nd respondent is bound to appoint the petitioner in the vacancy arose with effect from 1/06/2014 in compliance with the direction by reviewing the appointments already effected. As evident from Annexure A2 reply under the RTI Act, 3 appointments were effected to the post of HSA (SS) after 01/06/2014, which are liable to be reviewed in the light of the direction in judgment.

The 2nd respondent though received the representations submitted by the petitioner was not cared to submit any reply. The 2nd respondent submitted the reply is totally against the direction in judgment. Judgment has become final and the non compliance with the direction, though amounts to contempt of the Hon'ble High Court but one year has elapsed, contempt petitioner is not maintainable and the 2nd respondent is bound to comply the direction in its letter and spirit.

It is therefore humbly requested that the 2nd respondent may be directed to appoint the petitioner in any one of the vacancies of HSA(SS) arose on or after 01/06/2014 by reviewing the appointments already made with all consequential benefits within a time frame after hearing the petitioner and any other effected parties."

2) എതിർ കക്ഷികളായ ശ്രീ.വിനീത് വിൻസ്റ്റൺ, ശ്രീമതി. സോണിയ ബെർജസ്, ശ്രീ. സനിൽ കിഷോർ മേലേടത്ത് എന്നിവരുടെ വാദം ചുവടെ ചേർക്കുന്നു.

"താഴെ പറയുന്ന കാര്യങ്ങൾ പ്രകാരം ശ്രീമതി. ഷെൻസി കെ പോൾ കെ.ഇ.ആർ പ്രകാരമുള്ള അവകാശ വാദങ്ങളല്ല ഉന്നയിക്കുന്നത് എന്ന് ബോധിപ്പിക്കുന്നു.

ഡബ്ല്യു.പി.സി. നം.18952 ഓഫ് 2014 പ്രകാരം ശ്രീമതി ഷെൻസി കെ പോൾ 08/04/2014 ആണ് ആദ്യമായി ബി.എഡ് ഡിഗ്രി സർട്ടിഫിക്കറ്റ് സർവീസ് ബുക്കിൽ ചേർക്കാൻ അപേക്ഷ

നൽകുന്നത്. എന്നാൽ ശ്രീമതി. സോണിയ ബർജസ്, ശ്രീ.വിനീത് വിൻസ്റ്റൺ, ശ്രീ. സനൽ കിഷോർ എന്നിവർ 01/04/2014 ന് നിലവിൽ വന്ന ഒഴിവിലാണ് നിയമിതരാവുന്നത്. ശ്രീമതി. ഷെൻസി.കെ. പോൾ അഭിഭാഷകൻ മുഖേന കോടതിയിൽ രേഖാമൂലം ആവശ്യപ്പെട്ടത് 01/06/2014 നോ ശേഷം വരുന്ന ഒഴിവുകളിലോ പരിഗണിക്കണം എന്നാണ്. ആയതിനാൽ ഈ ഉത്തരവ് മേല്പറഞ്ഞ അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെടുന്നില്ല. കെ.ഇ.ആർ ചാപ്റ്റർ XIV (A) റൂൾസ് 7A (2)

ശ്രീമതി ഷെൻസി കെ പോൾ 08/04/2014 ന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ അപേക്ഷയിൽ ഗ്രേഡ് കാർഡ് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റെസ്റ്റഡ് കോപ്പി സമർപ്പിക്കുന്നു എന്നാണ് എഴുതയിട്ടുള്ളത്. നിയമപരമായി സമർപ്പിക്കേണ്ടത് പ്രൊവിഷണൽ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ആയതിനാൽ ഈ അപേക്ഷ നിരസിച്ചതിൽ തെറ്റില്ല. റൂൾ 1 ചാപ്റ്റർ XIV (A) കെ.ഇ.ആർ.

എപ്പോഴാണോ രേഖമൂലമുള്ള ഒറിജിനൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ബി.എഡ് ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് അന്നുമുതൽ മാത്രമേ അവകാശവാദം അനുവദിക്കേണ്ടതുള്ളൂ. ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുള്ള ബാധ്യത ഉദ്യോഗാർഥിയുടേത് മാത്രമാണ്. ഇതിലുണ്ടായ കാലതാമസത്തിനുള്ള ഉത്തരവാദിത്തം ശ്രീമതി. ഷെൻസി കെ പോളിന് മാത്രമാണ്. റൂൾ 4 കെഇആർ XIV (A)

ശ്രീമതി ഷെൻസി കെ പോൾ 02/10/2001 മുതൽ 14/03/2010 വരെ (8 വർഷം 5 മാസം 13 ദിവസം) ശൂന്യ വേതന അവധിയിലായിരുന്നു. ഇതു കോടതിയിൽ ബോധിപ്പിച്ചിട്ടില്ല. സീനിയോറിറ്റി കണക്കാക്കുന്നത് നിരന്തര സേവനത്തിന്റെ കാലയളവിന് അനുസൃതമായതിനാൽ ബന്ധപ്പെട്ട ശൂന്യവേതന കാലയളവു കുറവ് ചെയ്യേണ്ടതാണ്. കെ ഇ ആർ റൂൾ 37 ചാപ്റ്റർ XIV (A).

02/02/1965 ന് ശേഷം നിയമിതരാവുന്ന ഉയർന്ന തസ്തികയ്ക്ക് യോഗ്യതയില്ലാത്ത അദ്ധ്യാപകരുടെ ഗണത്തിലാണ് ശ്രീമതി. ഷെൻസി കെ പോൾ ഉള്ളത് ബി.എ ഇക്കണോമിക്സ്, റ്റി.റ്റി.സി.

നോട്ട് 1 പ്രകാരം ആദ്യം യോഗ്യത നേടുന്നവരെയാണ് പരിഗണിക്കേണ്ടത്. റൂൾ 5 ചാപ്റ്റർ XIV (A) കെ.ഇ.ആർ

12/06/2017 മുതൽ നിയമനം ലഭിച്ചത് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയശേഷമാണെന്നാണ് മനസിലാക്കുന്നത്. ഒറിജിനൽ സർട്ടിഫിക്കറ്റ്

അതിനുമുൻപ് ഹാജരാക്കിയിരുന്നില്ല. എന്നാൽ ഡബ്ല്യു.പി(സി) 13166/2021 ൽ ഇതു മന:പൂർവം ഒഴിവാക്കിയിട്ടുണ്ട്.

നിയമനം അംഗീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന് പുറത്തുനിന്നു നേടിയ സർട്ടിഫിക്കറ്റുകളുടെ ആധികാരികത തെളിയിക്കുന്നതിനുള്ള ഫീ ഒടുക്കുവാനുള്ള ചുമതല നിർവഹിക്കണമെന്നുള്ള മേലധികാരിയായ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിർദേശത്തെ അവഗണിച്ച് തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്നത് ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥന്റെ കൃത്യവിലോപവും നിയമ വിരുദ്ധമായ പ്രവർത്തിയുമാണെന്ന് രേഖാമൂലം മറുപടി ശ്രീമതി.ഷെൻസി.കെ.പോൾ നൽകിയത് ശ്രദ്ധയിൽ പെടുത്തുന്നു. ഇത്തരം സമീപനം ബന്ധപ്പെട്ട സർവീസ് ചട്ടങ്ങൾ പാലിച്ചുള്ളതല്ല എന്നും ബോധ്യപ്പെടുത്തുന്നു.

08/04/2014 ന് അറ്റെസ്റ്റഡ് കോപ്പികൾ അംഗീകരിച്ചു നൽകണമെന്നും സർവീസ് ബുക്കിൽ ചേർക്കണമെന്നും ആവശ്യപ്പെട്ടതിന്റെ വൈരുധ്യം ബോധ്യപ്പെട്ടു ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയ തിയതിക്കുശേഷം മാത്രമേ യോഗ്യത കണക്കാക്കാൻ കഴിയുകയുള്ളു എന്ന് വിദ്യാഭ്യാസ വകുപ്പിനെ ബോധ്യപ്പെടുത്തുന്നു.

WPC 18952/2014 ൽ കക്ഷി ചേർക്കപ്പെട്ട ശ്രീമതി മേരി ഗ്രേസ് എച്ച്.എസ്.എ (എസ്.എസ്) എന്നവരെ ഡബ്ല്യു.പി.സി 13166/2021 ൽ കക്ഷി ചേർത്തിട്ടില്ല കാരണം ബോധിപ്പിച്ചിട്ടില്ല.

WPC 13166/2021 കോടതിയിൽ 30/06/1999 മുതൽ നിരന്തര സേവനം അനുഷ്ഠിച്ചുവരുന്ന വ്യക്തിയാണെന്നു ബോധിപ്പിച്ചിരിക്കുന്നു. LWA കുറവ് ചെയ്യുമ്പോൾ താഴെ പറയുന്ന പ്രകാരമാണ് നിരന്തര സേവനം വരുന്നത്.( 01/04/2014.)

ശ്രീമതി.സോണിയ ബർജസ് 13Y 8M 10 days, ശ്രീ. വിനീത് വിൻസ്റ്റൺ 11y 9m 11days, ശ്രീ.സനൽ കിഷോർ 11y 9m 10days, ശ്രീ ജോസ് കെ.ഇ 10y 9m 7days, ശ്രീമതി ഷിജു.പി.വി 10y 9m 3days, ശ്രീമതി. റീലീന ജെൻ വെങ്ഗ്ലർ 10y 9m 3days, ശ്രീമതി. മിഷമോൾ.റ്റി.എസ് 9y 9m 2days, ശ്രീമതി ഡാർളി ജോസ് 9y 8m 22days, ശ്രീമതി. ഷോലി.കെ.എം. 9y 8m 22days, ശ്രീമതി. മറിയാമ്മ കെ.ഐ 9y 8m 20days, ശ്രീമതി. പ്രേമ.പി 8y 9m 17days, ശ്രീമതി.സൂസൻ തോമസ് 8y 9m 17days, ശ്രീമതി.സ്മിത രത്ന റോബർട്ട് 7y 9m 22days, ശ്രീമതി. ഹർഷ എസ് ഡേവിഡ് 7y 9m 22days, ശ്രീമതി. ഷർളി കിഴക്കേടത്തു 7y 9m 14days, ശ്രീമതി. മഗ്ദാലിൻ എഫ്.ബി 7y 6m 20days, ശ്രീമതി ഷീജ മുട്ടിങ്ങൽ 6y 8m 26days.

ശ്രീമതി ഷെൻസി കെ പോൾ 6y 3m 18days ഇതിനനുസരിച്ചുള്ള ശമ്പളവും ഗ്രേഡും

മാത്രമാണ് ശ്രീമതി. ഷെൻസി കെ പോളിന് ലഭിക്കുന്നത്.

ഇവരെയെല്ലാം മറികടന്നുള്ള നിയമനം ലഭിക്കാൻ അർഹതയില്ലെന്നും ബോധിപ്പിക്കുന്നു."

3) ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പാലക്കാട് ബി.ഇ.എം ഹൈസ്കൂളിലെ എച്ച്.എസ്.ടി സോഷ്യൽ സയൻസ് അദ്ധ്യാപിക ശ്രീമതി. ഷെൻസി.കെ.പോൾ ഫയൽ ചെയ്ത റിട്ട് ഹർജി നം. 13166/2021ൻ മേലുള്ള ആവശ്യം ഈ അദ്ധ്യാപികയെ എച്ച്.എസ്.എ സോഷ്യൽ സയൻസ് തസ്തികയിൽ 01/06/2014 മുതൽ നിയമനം നല്കി അംഗീകരിക്കണം എന്നതാണ്.

പാലക്കാട് ബി.ഇ.എം ഹൈസ്കൂൾ CSI's School of Malabar and Wayanad എന്ന കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഉടമസ്ഥതയിലുള്ള സ്കൂളാണ്. പ്രസ്തുത ഏജൻസി സംസ്ഥാനത്തെ പല ജില്ലകളിലായി സ്കൂൾ നടത്തി വരുന്നു. ശ്രീമതി. ഷെൻസി കെ പോൾ പ്രസ്തുത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളിൽ 30/06/1999 മുതൽ അംഗീകൃത യു.പി.എസ്.എ ആയി ജോലി ചെയ്തു വരവെ 2014 വർ ഷത്തിൽ IGNOU യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എഡ് ബിരുദം നേടിയിരുന്നു. ഈ സാഹചര്യത്തിൽ 01/06/2014 തിയതി മുതലുണ്ടാകുന്ന എച്ച്.എസ്.ടി സോഷ്യൽ സയൻസ് തസ്തികയിൽ സ്ഥാനക്കയറ്റം യോഗ്യതയുള്ള തനിക്ക് സ്ഥാനക്കയറ്റം നൽകാതെ, തന്നെക്കാൾ ജൂനിയറായ പ്രൈമറി അദ്ധ്യാപികയ്ക്ക് സ്ഥാനക്കയറ്റം നല്കിയ നടപടിക്ക് എതിരെയാണ് റിട്ട് ഫയൽ ചെയ്തിരിക്കുന്നത്.

21/08/2013 തിയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എഫ്4/42708/2013/കെ.ഡിസ് പ്രകാരം 01/01/2012 ലെ സംയോജിത സീനിയോരിറ്റി ലിസ്റ്റ് അംഗീകരിച്ച് നല്കിയതാണ്. പ്രസ്തുത ലിസ്റ്റിൽ ക്രമ നമ്പർ 237 ലുള്ള ശ്രീമതി. ഷെൻസി കെ പോൾ സ്ഥാനക്കയറ്റത്തിനുള്ള യോഗ്യത നേടിയിട്ടില്ല എന്നും കോർപ്പറേറ്റ് മാനേജർ അറിയിച്ചിട്ടുണ്ട്.

ശ്രീമതി. ഷെൻസി കെ പോൾ ഫയൽ ചെയ്ത റിട്ട് ഹർജി 18952/2014 ലെ 23/03/2017 ലെ വിധിന്യായം നടപ്പിലാക്കുന്നതിനായി 15/07/2017 തിയതിയിൽ എച്ച്.എസ്.ടി സോഷ്യൽ സയൻസ് തസ്തികയിൽ കോർപ്പറേറ്റ് മാനേജർ നല്കിയ സ്ഥാനക്കയറ്റ നിയമനം 01/10/2020 ലെ ഈ ഓഫീസിലെ ബി6/1579/2020/കെ.ഡിസ് പ്രകാരം നിയമനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്."

4) മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

"സി.എസ്.ഐ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള പാലക്കാട് ബി.ഇ.എം.ഹൈസ്കൂളിലെ യു.പി.എസ്.ടി ആയിരുന്ന ശ്രീമതി. ഷെൻസി.കെ.പോൾ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുവാൻ വേണ്ടി ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. പ്രസ്തുത റിട്ട് പെറ്റീഷനിൽ 23/03/2017 തീയതിയിൽ ഉണ്ടായ വിധി പ്രകാരം പെറ്റീഷണറായ ശ്രീമതി. ഷെൻസി.കെ.പോൾ നേടിയ ബി.എഡ് യോഗ്യത സർട്ടിഫിക്കറ്റ്, ഇക്വിവലൻസി സർട്ടിഫിക്കറ്റ് എന്നിവ പ്രധാനാധ്യാപകന് സമർപ്പിക്കുവാനും ആയത് സാക്ഷ്യപ്പെടുത്തി നൽകാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസറോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിനുശേഷം പരാതിക്കാരിയായ ശ്രീമതി. ഷെൻസി.കെ.പോളിനോട് കോർപ്പറേറ്റ് മാനേജരെ സമീപിക്കാനും, 01/06/2014 നോ അതിനുശേഷമോ ഉള്ള ഒഴിവ് പരിഗണിച്ച് നിയമനം നൽകണമെന്നാണ് കോടതി വിധി 2 മാസത്തിനുള്ളിൽ കോടതി വിധി നടപ്പാക്കാനുമാണ് പ്രധാനാധ്യാപകനോട് നിർദ്ദേശിച്ചിരുന്നത്. പാലക്കാട് ബി.ഇ.എം.ഹൈസ്കൂളിൽ തന്നെ മുൻകാല പ്രാബല്യത്തോടെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിൽ നിയമനം നൽകണമെന്ന് കോടതി വിധിയിൽ പരാമർശിച്ചിരുന്നില്ല.

പാലക്കാട് ബി.ഇ.എം.ഹൈസ്കൂൾ ഒരു കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂളാണ്. മാനേജ്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ സ്ഥാനക്കയറ്റ നിയമനങ്ങൾ നിലവിലുള്ള സീനിയോറിറ്റിലിസ്റ്റ് അടിസ്ഥാനത്തിലാണ് നടന്നു വരുന്നത്. പൊതു വിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച 01/01/2012 വരെയുള്ള അംഗീകൃത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നിശ്ചിത യോഗ്യതയുള്ളവർക്ക് സ്ഥാക്കയറ്റ നിയമനം നൽകിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/08/2013 തീയതിയിലെ കെ.ഡിസ്/എഫ്4/42708/13 ഉത്തരവ് പ്രകാരം അന്തിമമായി അംഗീകരിച്ച പ്രൈമറി അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഹർജിക്കാരിയായ ശ്രീമതി. ഷെൻസി.കെ.പോളിന്റെ ക്രമനമ്പർ 237 ആണെങ്കിലും ടിയാൾ മേൽ സീനിയോറിറ്റി ലിസ്റ്റിൽ എച്ച്.എസ്.ടി പ്രമോഷനു വേണ്ട നിശ്ചിത യോഗ്യത ഉണ്ടായിരുന്നില്ല. അഡീഷണൽ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുണ്ടെങ്കിൽ ആയത് സർവീസ് ബുക്കിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ സാക്ഷ്യപ്പെടുത്തി മാനേജർക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഹർജിക്കാരി ഇന്ദിരഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബി.എഡും. ഇക്വിവലൻസി സർട്ടിഫിക്കറ്റും 12/03/2017 തീയതിയിൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ സാക്ഷ്യപ്പെടുത്തി മാനേജർക്ക് സമർപ്പിച്ചിട്ടുള്ളത് 12/06/2017 തീയതിയിലാണ്. അന്നു തന്നെ ഹർജിക്കാരിയെ എച്ച്.എസ്.ടി ആയി സ്ഥാനക്കയറ്റം നൽകി മാനേജ്മെന്റിന്റെ കീഴിലുള്ള വടകര ബി.ഇ.എം.ഹൈസ്കൂളിൽ നിയമിച്ചിട്ടുണ്ട്. എന്നാൽ വടകര ബി.ഇ.എം ഹൈസ്കൂളിൽ പോകുന്നതിന് ബുദ്ധിമുട്ടാണെന്നും പാലക്കാട് ബി.ഇ.എം.ഹൈസ്കൂളിൽ തന്നെ പോസ്റ്റിംഗ് നൽകണമെന്നും ടിയാൾ

ആവശ്യപ്പെട്ടതനുസരിച്ച് പാലക്കാട് ബി.ഇ.എം.ഹൈസ്കൂളിൽ കോടതി വിധിക്കുശേഷം വന്ന ഒഴിവിൽ 15/07/2017 മുതൽ എച്ച്.എസ്.ടി ആയി സ്ഥാനക്കയറ്റം നൽകി നിയമനം നൽകിയിട്ടുണ്ട്. നേരത്തെ പ്രമോഷൻ നൽകിയവരെ പുറത്താക്കാൻ കോടതി വിധിയിൽ പരാമർശിച്ചിരുന്നില്ല എന്നും ഹർജിക്കാരിയായ ശ്രീമതി. ഷെൻസി.കെ.പോൾ കോടതി വിധി തെറ്റായി വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത് എന്നും ബോധിപ്പിക്കുന്നു.

ഹർജിക്കാരി ഉൾപ്പെടെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റം നൽകിയവരെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| സീരിയൽ നം. | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | സർവ്വീസ് അംഗീകരിച്ച തീയതി | സ്ഥാനക്കയറ്റം നൽകിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | 237 | ശ്രീമതി. ഷെൻസി.കെ.പോൾ | 01/04/1969 | ബി.എ ടി.ടി.സി | 30/06/1991 | | നിശ്ചിത യോഗ്യത ഇല്ല |
| 2. | 249 | ശ്രീമതി. സോണിയ ബർജസ് | 05/12/1973 | ബി.എ, ബി.എഡ് | 02/07/2000 | 03/06/ 2014 | നിശ്ചിത യോഗ്യത നേടിയതിനാൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട് |
| 3. | 268 | ശ്രീ.വിനീത് വിൻസ്റ്റൺ | 22/05/1974 | ബി.എ, ബി.എഡ് | 19/06/2002 | 03/06/2014 | നിശ്ചിത യോഗ്യത നേടിയതിനാൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട് |
| 4. | 275 | ശ്രീ. സനൽ കിഷോർ മേലെടത്ത് | 07/12/1976 | ബി.എ, ബി.എഡ് | 02/06/2002 | 03/06/2014 | നിശ്ചിത യോഗ്യത നേടിയതിനാൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട് |
| 5. | 290 | ശ്രീമതി. ഷിജു.പി.വി | 10/04/1975 | ബി.എ, ബി.എഡ് | 27/06/2003 | 01/06/2015 | നിശ്ചിത യോഗ്യത നേടിയതിനാൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്" |

5) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ശ്രീമതി. ഷെൻസി.കെ.പോൾ ഫയൽ ചെയ്ത റിട്ട് ഹർജി നം. 13166/2021ൻ മേലുള്ള ആവശ്യം ഈ അദ്ധ്യാപികയെ എച്ച്.എസ്.എ സോഷ്യൽ സയൻസ് തസ്തികയിൽ 01/06/2014 മുതൽ നിയമനം നല്കി അംഗീകരിക്കണം എന്നതാണ്. ഇക്കാര്യത്തിൽ മാനേജരുടെ വാദം പ്രകാരം ശ്രീമതി. ഷെൻസി.കെ.പോൾ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുവാൻ വേണ്ടി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) 18952/2014 റിട്ട് പെറ്റീഷനിൽ 23/03/2017 തീയതിയിൽ ഉണ്ടായ വിധി പ്രകാരം പെറ്റീഷണറായ ശ്രീമതി.

ഷെൻസി.കെ.പോൾ നേടിയ ബി.എഡ് യോഗ്യത സർട്ടിഫിക്കറ്റ്, ഇക്വിവലൻസി സർട്ടിഫിക്കറ്റ് എന്നിവ പ്രധാനാധ്യാപകന് സമർപ്പിക്കുവാനും ആയത് സാക്ഷ്യപ്പെടുത്തി നൽകാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസറോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിനുശേഷം പരാതിക്കാരിയായ ശ്രീമതി. ഷെൻസി.കെ.പോളിനോട് കോർപ്പറേറ്റ് മാനേജരെ സമീപിക്കാനും, 01/06/2014 നോ അതിനുശേഷമോ ഉള്ള ഒഴിവ് പരിഗണിച്ച് നിയമനം നൽകണമെന്നാണ് കോടതി വിധി. ഇങ്ങനെയല്ലാതെ, പാലക്കാട് ബി.ഇ.എം.ഹൈസ്കൂളിൽ തന്നെ മുൻകാല പ്രാബല്യത്തോടെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിൽ നിയമനം നൽകണമെന്ന് കോടതി വിധിയിൽ പരാമർശിച്ചിരുന്നില്ല. അതുകൊണ്ടാണ് 01/06/2014 നുശേഷം മറ്റൊരു ഒഴിവ് ഹർജിക്കാരിയെ നിയമിക്കുന്നതിന് ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ പിന്നീട് ഒഴിവ് നിലവിൽ വരുന്നതായ 2017-ൽ നിയമിച്ചത്. മാനേജറുടെ ഈ വാദത്തെ ശരിവയ്ക്കുന്ന തരത്തിലാണ് വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ടുകൾ കാണപ്പെടുന്നത്. എതിർകക്ഷികളായ ശ്രീമതി.സോണിയ ബർജസ്, ശ്രീ.വിനീത് വിൻസ്റ്റൺ, ശ്രീ.സനൽ കിഷോർ എന്നിവർ 01/04/2014 ന് നിലവിൽ വന്ന ഒഴിവിലാണ് നിയമിതരാവുന്നത്. ഒഴിവ് നിലവിൽ വന്ന തീയതിയ്ക്ക് അവർ പൂർണ്ണയോഗ്യതയുള്ളവരായി സീനിയോറിട്ടി ലിസ്റ്റിൽ ഇടം നേടിയവരായിരുന്നു എന്ന് മനസ്സിലാക്കാൻ കഴിയുന്നു. ഈ നിയമനങ്ങൾ കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 4 3 നു ചുവടെയുള്ള നോട്ട്. 2 പ്രകാരം സാധുതയുള്ളവയാണ്. ഈ സാഹചര്യത്തിൽ പെടാത്ത ഹർജിക്കാരിയ്ക്ക് എതിർകക്ഷികളുടെ നിയമനത്തിനെതിരെ തടസ്സവാദം ഉന്നയിക്കാൻ അർഹതയില്ലെന്നും കാണപ്പെടുന്നു.

6 ) മേൽ വിവരിച്ച സാഹചര്യങ്ങളിൽ ഹർജിക്കാരിയുടെ ആവശ്യം നിരസിച്ചുകൊണ്ട് എക്സിബിറ്റ്.പി.8 റിവിഷൻ ഹർജി തീർപ്പാക്കി അപ്രകാരം പാലക്കാട് ബി.ഇ.എം ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.ഷെൻസി കെ.പോൾ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.13166/ 2 0 2 1 ലെ 26.07. 2 0 2 1 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, ആൾ സി.എസ്.ഐ.എസ് സ്കൂൾസ് ഇൻ മലബാർ ആന്റ് വയനാട്, ബാങ്ക് റോഡ്, കോഴിക്കോട് -673001
ശ്രീമതി.ഷെൻസി കെ.പോൾ, എച്ച്.എസ്.എ(എസ്.എസ്), ബി.ഇ.എം.എച്ച്.എസ്.എസ്., പാലക്കാട്

ശ്രീമതി.സോണിയ ബർജസ്, എച്ച്.എസ്.എ(എസ്.എസ്), ബി.ഇ.എം.എച്ച്.എസ്.എസ്., വടകര, കോഴിക്കോട്

ശ്രീ.സനിൽ കിഷോർ മേലേടത്ത്, എച്ച്.എസ്.എ(എസ്.എസ്), എം.സി.സി.എച്ച്.എസ്.എസ്., കോഴിക്കോട്

ശ്രീ.വിനീത് വിൻസ്റ്റൺ, എച്ച്.എസ്.എ(എസ്.എസ്), ബി.ഇ.എം.എച്ച്.എസ്.എസ്., വടകര, പാലക്കാട്(vineethwinston@gmail.com)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**
**Date: 18-04-2022 10:26:20**

സെക്ഷൻ ഓഫീസർ